# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 04/04/14

(03 JAMADUL AKHIR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ് തഅവ്വദ്, സൂറ: അൽ ഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) ഇപ്രകാരം പറഞ്ഞു തുടങ്ങി.

അൽ ഹംദുലില്ലാഹ്. എന്റെ കഴിഞ്ഞ ആഴ്ചയിലെ പ്രസംഗത്തിന്റെ ബാക്കി ഭാഗം തുടരുവാനുള്ള തൗഫിഖ് അല്ലാഹു എനിക്ക് നല്കിയിരിക്കുകയാണ്. ട്രിയോലറ്റിൽ കണ്ടമുട്ടിയ മുല്ലാക്കളോടും, അഹ്മദിയ്യാ ജനങ്ങൾക്കെതിരിലുള്ളവരോടുമുള്ള ഇസ്‌ലാമിന്റെ നവീകരണത്തെ സംബന്ധിച്ചുള്ള ഖണ്ടനമാണ് നടത്തുന്നത്. അല്ലാഹുവിന്റെ ഒരു പ്രതിനിധിയുടെ ആവശ്യം ഈ മുല്ലാക്കൾ അംഗീകരിച്ചേ പറ്റു കാരണം ഇസ്‌ലാമിൽ ഒരു പരിവർത്തനം സാദ്ധ്യമാകുവാൻ അതുമാത്രമെയുള്ളു ഒരു പോംവഴി. പരിശുദ്ധ ഖുർആനും തിരുസുന്നത്തുമനുസരിച്ച് എന്താണ് അതിന്റെ ഉത്തരം ? കഴിഞ്ഞാഴ്ച ഞാൻ നിർത്തിയത് അവിടെയാണ്.നിങ്ങൾ മനസിലാക്കേണ്ട ഒരു കാര്യം,ഒരു മത സമൂഹം ചതിയിലും വഞ്ചനയിലും,അശുദ്ധിയിലും ആപതിക്കുമ്പോൾ, അല്ലാഹുവിൽ നിന്ന് ഒരാൾ വരികയും ആ ദൈവീക സന്ദേശത്തെ ശുദ്ധീകരിക്കുകയും വളരെ വലിയ ത്യാഗങ്ങളിലൂടെ മതത്തിന്റെ രക്ഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ് എന്നത് തർക്കമറ്റ കാര്യമാണ്.മറ്റുളളവരുടെ ജീവനെടുത്തല്ലാ സ്വന്തം ജീവിതം സമർപ്പിക്കുന്നതിലൂടെയാണ് അത് നേടുന്നത്. തങ്ങളുടെ വസ്തുവകകൾ നശിപ്പിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്യുന്ന ആപത്കരമായ സാഹചര്യത്തിൽ മറ്റുള്ളവരുടെ ജീവനോ,ധനമോ നശിപ്പിക്കാതെ അവർ സ്വയം സമർപ്പിക്കപ്പെടുകയാണ്.ഈ പ്രതിഭാസം ഒന്നിനു പുറകെ മറ്റൊന്നായി തുടരുന്നതാണ്.മതത്തെ വിഡ്ഢികളായ പുരോഹിതന്മാരും/ മുല്ലാക്കളുംചവിട്ടിയരയ്ക്കുകയും മതത്തിന്റെ സത്ത നശിപ്പിക്കപ്പെടുകയുംചെയ്യുമ്പോൾ ഈ ദൈവിക പ്രതിഭാസം ഉണ്ടായിക്കൊണ്ടിരിക്കും. നമ്മുടെപരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യെ യാണ് നമ്മുക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കാവുന്ന പ്രകാശ ഉറവിടം.

മറ്റെല്ലാ പ്രവാചകന്മാരും അവരുടെ മതങ്ങളും കഴിഞ്ഞുപോയിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്.നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഒരേ ഒരു പ്രകാശ ഉറവിടം മുഹമ്മദ് (സ) മാത്രമാണ്. മതമൂല്യങ്ങളെ എങ്ങനെയാണ് അദ്ദേഹം ജീവിപ്പിച്ചത് ? മക്കയിലെ തെരുവീധികളിലൂടെ നടന്ന്, കല്ലേറുകൊണ്ട്, ശകാരങ്ങൾ ഏറ്റുവാങ്ങി, നിഷ്ഠൂരമായ പീഢനങ്ങൾ ഏറ്റുവാങ്ങി,തന്നെയുമല്ല തന്റെ അനുയായികളുടെ ത്യാഗോജ്ജ്വലമായ ജീവിത മാതൃകയിലൂടെ, മക്കയിലെ ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ അവർ വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ അവർ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയപ്പോൾ, മൃതപ്രായരായി തീർന്നപ്പോൾ, മരണം ഏറ്റുവാങ്ങിയപ്പോൾ, ഇതെല്ലാം എന്തിനുവേണ്ടി ആയിരുന്നു ?. തങ്ങളുടെ വിശ്വാസസംരക്ഷണത്തിനായി, അവരതിൽ പാറപോലെ ഉറച്ചുനിന്നു. അവർ അതിനു വേണ്ടി ജീവൻ വെടിഞ്ഞു. അങ്ങനെയാണ് ഇസ്ലാമിന്റെ വിജയത്തിന് അവർ സാക്ഷികളായി തീർന്നത്.

ഈ വിശ്വാസികൾക്കെതിരിൽ എത്ര എത്ര അതിക്രമങ്ങളാണ് അരങ്ങേറിയിട്ടുള്ളത്. അവർ പിന്നിട്ട പാതരക്തമയമുള്ളതും, ഭയവിഹ്വലമായതും കഠിനാദ്ധ്വാനമുള്ളതുമായിരുന്നു. അങ്ങനെ അവർ

പരിശുദ്ധരായിത്തീരുകയായിരുന്നു. അവരുടെ എണ്ണം കുറയുന്നതിനു പകരം കൂടുകയാണുണ്ടായത്. ഇപ്രകാരമാണ്. വിജയത്തിലേക്കും മഹത്വത്തിലേക്കും വേറെ കുറുക്കുവഴികളൊന്നുംമില്ല. ഇവയൊക്കെ നടത്തപ്പെട്ടത് അല്ലാഹുവിന്റെ ദൂതന്മാരിലൂടെയാണ്. മുൻ കാലങ്ങളിൽ അവർ വന്നിരുന്നുവെങ്കിൽ, ഇതാ, ഈ നൂറ്റാണ്ടിൽ ഒരു ദൈവദൂതൻ നിങ്ങളോടൊപ്പമുണ്ട്. ഇതുപോലെ വരും കാലങ്ങളിലുമുണ്ടാകും. ഖിയാമത്ത് നാൾവരെക്കും തുടരുന്നതാണ് മുഹമ്മദ് (സ) ന്റെ പ്രകാശ ധാരയുടെ പൂർണ്ണതയാണത്. മതനേതാക്കൾ ചതിയിലും വഞ്ചനയിലും മാലിന്യത്തിലും ആപതിക്കുമ്പോൾ തന്റെ കൈകളിൽ ആ നേതൃത്വം ഏറ്റെടുക്കുന്നു. നുബുവ്വത്തിന്റെ പ്രതിഭാസം തുടരുന്നതങ്ങനെയാണ്.

അല്ലാഹുവിന്റെ നിയമങ്ങൾ അർഥവത്തായിരിക്കണമെങ്കിൽ അല്ലാഹു തന്നിൽ നിന്നും ഒരാളെ നിയോഗിക്കുകയും അയാൾക്ക് പിന്തുണ നല്കുകയും, ജനങ്ങളുടെ വ്യക്തിത്വത്തിന് ത്യാഗങ്ങളിലൂടെ മാറ്റങ്ങൾ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഒരു മതവും സംസ്ക്കരിക്കപ്പെടുകയുമില്ല, നവീകരിക്കപ്പെടുകയുമില്ല.

ഈ നവീകരണവും സംസ്കരണവും പണ്ഡിതന്മാരിലൂടെയല്ല നടപ്പാക്കപ്പെടുന്നത്. യഥാർത്ഥത്തിൽ മതത്തിന്റെ അധഃപതനവും, നാശവും സംഭവിക്കുന്നത് പണ്ഡിതന്മാരിലൂടെയാണ്. ക്രയോൾ ഭാഷയിൽ ഒരു ആപ്തമാക്യമുണ്ട്. അതിനെ ഇങ്ങനെ ഭാഷാന്തരം ചെയ്യാം. പാൽ സൂക്ഷിക്കുവാൻ പൂച്ചയെ ഏല്പിച്ചാൽ നിങ്ങളുടെ പാലിന് എന്തു സംഭവിക്കാമെന്ന് നിങ്ങൾക്കറിയാം.

മതത്തിന്റെ മൂല്യങ്ങളെല്ലാം നശിപ്പിക്കുന്നത് മതമേധവികൾ തന്നെയാണ്. പാപം ജനം അന്ധരാണ്. എന്താണ് സംഭവിക്കുന്നതെന്ന് പാപം ജനത്തിന്നറിയില്ല. ചിലർ അന്ധമായി പിന്തുടരുന്നു എന്നുമാത്രം. മത നേതൃത്വമാണ് എപ്പോഴും ഇതിന്റെ ഉത്തരവാദികൾ. അവരിലൂടെയാണ് ഈ അധഃപതനം സംഭവിക്കുന്നത്.

നിങ്ങളെ നേർവഴിയിൽ നടത്തും എന്ന പ്രതീക്ഷയിൽ നിങ്ങൾ മതമേധാവികളെ അന്വേഷിക്കുകയാണോ ? അതാണ് വീക്ഷണമെങ്കിൽ നിങ്ങളുടെ അന്വേഷണം, ആരംഭത്തിൽ ഉദ്ധരിച്ച പ്രവാചക വചനത്തിന്റെ അടിസ്ഥാനത്തിലുമാണെങ്കിൽ എനിക്കു ചൂണ്ടികാണിക്കുവാൻ മറ്റൊരു പ്രവാചകവചനമുണ്ട്. പ്രവാചകർ (സ) പറഞ്ഞു. **എന്റെ ഉമ്മത്ത് ഭിന്നിക്കുന്ന ഒരു കാലം വരും. അടിസ്ഥാനപരമായ വളരെ വലിയ അഭിപ്രായ ഭിന്നതകൾ അവരിൽ ഉടലെടുക്കുന്നതാണ്. അന്ന് സാധാരണ ജനം ഉലമാക്കളുടെ അടുത്തേക്ക് ചെല്ലും . എന്നിട്ട് അവരിൽ നിന്നും മാർഗ്ഗദർശനം ആവശ്യപ്പെടും. അപ്പോൾ ഉലമാക്കൾക്കു പകരം അവർ കണ്ടെത്തുന്നത് പന്നികളെയും കുരങ്ങന്മാരെയുമായിരിക്കും .**

അതെ മുഹമ്മദ് മുസ്തഫാ (സ) യുടെ വഫാത്തിന് ശേഷം വളരെ കാലം കഴിഞ്ഞിട്ട് സംഭവിക്കുന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തെ വിശദീകരിച്ചു കൊണട് തിരുമേനി (സ) പറയുന്നു. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ സാധാരണജനം അവരുടെ പണ്ഡിതന്മാരുടെ അടുത്ത് മാർഗ്ഗദർശനം ആരായും എന്നത് തികച്ചും പ്രകൃതിപരമാണ്. എന്നാൽ പണ്ഡിതന്മാർക്ക് പകരം അവർ കാണുന്നത് കുരങ്ങന്മാരെയും പന്നികളെയുമാണ് എന്നാണിത് അർത്ഥമാക്കുന്നത്.

ഈ പ്രവാചക വചനത്തെ മുൻകഴിഞ്ഞ പണ്ഡിതന്മാരും നിഷേധിച്ചിട്ടില്ല.അപ്രകാരം ഉണ്ടായിരുന്നുവെങ്കിൽ, മുൻ കഴിഞ്ഞ ഉലമാക്കൾ ഈ പ്രവാചക വചനത്തെ വേദനയോടെയാണെങ്കിലും തിരസ്ക്കരിക്കുമായിരുന്നു. ഒരു പ്രത്യേക കാലഘട്ടത്തിലെ ഉലമാക്കളെകുറിച്ചാണ് ഈ പ്രവാചക വചനം പ്രതിപാദിക്കുന്നത് എന്നവർക്കറിയാമായിരുന്നു. മുൻകടന്നു കഴിഞ്ഞ ഉലമാക്കൾ സത്യസന്ധന്മാരായിരുന്നു. അവർക്കറിയാമായിരുന്നു ഇത് അവരെക്കുറിച്ചല്ല പറയുന്നതെന്ന്. അതു കൊണ്ടാണ് ഈ വചനത്തെ അവർ സ്വീകരിച്ചത് . ഇത് സത്യമായി പുലരുന്ന ഒരു കാലം വരുമെന്നും അവർക്കറിയാമായിരുന്നു.

മറ്റൊരു പ്രവാചക വചനത്തിൽ മുഹമ്മദ് മുസ്തഫ (സ) പ്രവചനം ചെയ്തിരുന്നു. **മുസ്ലിംകൾ അധഃപതിക്കുന്ന ഒരു കാലം വരും. ഇസ്ലാമിൻ അതിന്റെ പേര് മാത്രം അവശേഷിക്കും. നിങ്ങളുടെ ഹൃദയത്തിലും രക്തത്തിലും അതുണ്ടാവില്ല.**

അവരുടെ പള്ളികൾ നിറയെ ആളുകളുണ്ടാവും. അവർ പൂർണ്ണമായും സത്യവും നന്മയും ഉപേക്ഷിച്ച നിലയിലായിരിക്കും. അല്ലഹു (ത) മുഹമ്മദ് (സ) നോട് പറയുകയുണ്ടായി. ആ ദിനങ്ങളിൽ, ജനങ്ങൾ അവരുടെ പള്ളികളിൽ, പ്രർത്ഥനകൾ മിഥ്യാരൂപേണ ഉരുവിടുന്നവരായിരിക്കും. അവർ പൂർണ്ണമായും ആരാധന നടത്തുന്നവരാണെന്നു തോന്നും. എന്നാൽ അല്ലാഹുവിന്റെ വീക്ഷണത്തിൽ അവർ സത്യമില്ലാത്തവർ ആയിരിക്കും. പൂർണ്ണമായും നന്മ ഉപേക്ഷിച്ചവരായിരിക്കും. തങ്ങളെ നേർവഴിയിലും രക്ഷാമാർഗ്ഗത്തിലും നടത്തും എന്ന പ്രത്യാശയിൽ, ഒരാൾ പണ്ഡിത പുരോഹിതനിലേക്ക് തിരിഞ്ഞാൽ, തീർച്ചയായും അവരുടെ പ്രയത്നമാണ് അതവർ ചെയ്യുന്നു. എന്നാൽ പ്രവാചക വചനത്തിന്റെ അവസാന ഭാഗം കൂടി ഓർക്കുന്നത് നന്നായിരിക്കും. അവരുടെ പണ്ഡിതൻമ്മാർ വനലോകത്തിൻ കീഴെയുള്ള ഏറ്റവും നികൃഷ്ട ജീവികളായിരിക്കും. വാനലോകത്തിന്റെ താഴെ ധാരളം കാര്യങ്ങളുണ്ട്. ഉദാഹരണത്തിന് വിവിധതരം ജീവികൾ സസ്യജാലകങ്ങൾ മറ്റു പലവിധ സാധനങ്ങൾ.

വിശുദ്ധ പ്രവാചകൻ (സ) മുകളിൽ പറയപ്പെട്ടതൊന്നും വാനലോകത്തിൻ കീഴെയുള്ള നികൃഷ്ട ജീവിയാണന്ന് പറഞ്ഞിട്ടില്ല. ജീവനും ബുദ്ധിയുമുള്ള മനുഷ്യനെയാണ് ആ പദം സൂചിപ്പിക്കുന്നത്. മനുഷ്യൻ എന്ന പദം സസ്യജാലത്തിൽ പ്രയോഗിക്കാവുന്നതല്ല. ആയതിനാൽ മനുഷ്യൻ എന്ന പദം മൃഗസമൂഹത്തിൽ മാത്രമെ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളു. കാരണം അവൻ മൃഗ വിഭാഗത്തിൽ പെടുന്നവനാണ്. ജനങ്ങൾ അവരുടെ പണ്ഡിത പുരോഹിതന്മാരുടെ അടുത്തേയ്ക്ക് പോകുന്നതാണ്. അപ്പോൾ അവർ രണ്ട് മൃഗങ്ങളെ കണ്ടെത്തുന്നതാണ്. (കുരങ്ങുകളും പന്നികളും) മനുഷ്യരെ സംബന്ധിച്ചടത്തോളം അവ രണ്ടും ഏറ്റവും മോശപ്പെട്ട ജീവികളാണ്.അവയിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നതിനു വേണ്ടി ഒരുദാഹരണത്തിലൂടെ അവ രണ്ടും ഏററവും മോശപ്പെട്ടതാണ് എന്ന് സ്ഥാപിക്കുന്നു. ഈ പ്രവാചക വചനം കുരങ്ങന്മാരും പന്നികളുമായി തീർന്ന പണ്ഡിത പുരോഹിതന്മാരെക്കുറിച്ചാണ് പ്രദിപാദിക്കുന്നത്. വിശുദ്ധ ഖുർആനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രസ്താവന.മുൻകഴിഞ്ഞ സമുദായങ്ങൾ അതായത്,ജൂദസമുദായവും ,ക്രൈസ്തവ സമുദായവും ചതിയിലും,വഞ്ചനയിലും, അശുദ്ധതയിലും ആപതിച്ചപ്പോൾ,അവസാനം അവരിൽ നിന്നും ദൈവം ദൈവിക പ്രകാശം എടുത്തുമാറ്റി.അങ്ങനെ അവരുടെ പണ്ഡിതപുരോഹിതന്മാരും ഈ രണ്ടു ജീവികളെ പ്പോലായിത്തീർന്നു എന്ന് വിശുദ്ധ ഖുർ ആൻ ഉത്ഘോഷിക്കുന്നു.

തന്റെ അനുയായികൾ യഥാർത്ഥ അനുയായികളല്ലാതായിത്തീരുന്ന അവസ്ഥയിൽ, തികച്ചും ദൗർഭാഗ്യകരമായ ഒരു കാലത്തെപ്പറ്റിയാണ് പ്രവാചകൻ (സ) ഇവിടെ സംസാരിക്കുന്നത്.അവർ ജൂത ക്രൈസ്തവ പണ്ഡിത പുരോഹിതന്മാരെ അനുകരിക്കുന്ന അവസ്ഥയിലെത്തുമ്പോൾ ഇസ്ലാമിലെ പണ്ഡിത പുരോഹിതന്മാർ (ഇത് പറയുവാൻ, അവർ യഥാർത്ഥ മുസ്ലീംകളല്ല) അവരെപോലായി തീരുന്നതാണ്. വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് അവരുടെ പണ്ഡിത പുരോഹിതന്മാരുടെ അവസ്ഥ അവസാനം ഇങ്ങനെയായിരിക്കും. ഈ പ്രസ്താവനയിലൂടെ ആരെഎങ്കിലും മോശ വാക്കുകൾ ഉപയോഗിക്കുകയല്ല ചെയ്യുന്നത് . കാരണം പ്രവാചകന്മാർ ആർക്കെതിരിലും മോശവാക്കുകൾ ഉപയോഗിക്കില്ല. സത്യം ഇത്രമാത്രമാണ്. അവരെന്തെങ്കിലും പറയുമ്പോൾ പറയുന്ന സന്ദേശത്തിന്റെ ആഴവും പരപ്പും അനുസരിച്ച് പദങ്ങൾ ഉപയോഗിക്കുന്നു എന്നുമാത്രം. അല്ലാതെ അത് ആർക്കെതിരിലുമുള്ള മോശ പദപ്രയോഗമല്ല.

പണ്ഡിത പുരോഹിതന്മാർ എന്തുകൊണ്ട് ഇങ്ങനെ ആയിതീർന്നു എന്ന് വിശദീകരിക്കേണ്ടതുണ്ട്. എന്ത കൊണ്ട് അവർ കുരങ്ങുകളെയും പന്നികളെയും പോലായിത്തീർന്നു ? കുരങ്ങൻമാർക്ക് മറ്റുള്ളവരെ അനു കരിക്കുന്ന സ്വഭാവമുണ്ട്. മനുഷ്യരെയും അവ അനുകരിക്കും .ഇത് നമുക്ക് എല്ലാ രാജ്യത്തും കാണാവുന്ന താണ്. നിങ്ങൾ കുട്ടിക്കാലത്ത് അവയെ മൃഗശാലയിലും വനത്തിലുമൊക്കെ കണ്ടിട്ടുണ്ടാവുമല്ലോ.

കുരങ്ങ് ചിലപ്പോൾ മനുഷ്യനെപ്പോലെ ചില കാര്യങ്ങൾ അനുകരിച്ച് ചെയ്യാറുണ്ട്. അത് ചിലപ്പോൾ തൊപ്പി തലയിൽ വയ്ക്കും. മനുഷ്യൻ ധരിക്കുന്നതുപോലെ വസ്ത്രങ്ങൾ ധരിക്കും. വരനെയും വധുവിനെയും പോലെ അനുകരിക്കും. മനുഷ്യനെ പോലെ പ്രത്യക്ഷപ്പെടും. എന്നാൽ ആന്തരികമായി അവകൾ മൃഗങ്ങൾ തന്നെയാണ്. മനുഷ്യത്വപ്രകടനം തൊലിപ്പുറത്തു മാത്രമാണ്. അനുകരണം വെറും പ്രകടനം മാത്രമാണ്. മത പണ്ഡിതന്മാർ പ്രവാചകന്മാരെ അനുകരിക്കുമ്പോൾ, അതായത് മതസ്ഥാപകരെ പോലെ, അത്, അവരുടെ ഒരു അഭിനയം മാത്രമാണ്. തൊലിപ്പുറത്തുള്ളതുമാത്രമാണ്. ആഴത്തിൽ ഉള്ളതല്ല. ഈ അനുകരണം അവ രുടെ അന്തരംഗത്ത് സ്പർശിക്കുന്നില്ല. അവർ കുരങ്ങുകളെപോലെ അഭിനയിക്കുകമാത്രമാണ്.

അങ്ങനെ അവരുടെ സൽവാറുകളും ഖമീസുകളും, ജൂബ്ബാകളും, തലപ്പാവുകളും മതപരമായി പ്രത്യ ക്ഷപ്പെടുന്ന എല്ലാം വെറും ബാഹ്യപ്രകടനമാത്രമായിരിക്കും. നമ്മുടെ പ്രവാചകർ (സ) യെ പോലെയാണ് ഞങ്ങൾ പെരുമാറുന്നതെന്ന് കാണിക്കുവാൻ അവർ വെമ്പൽ കൊള്ളുകയാണ്. എന്നാൽ അവരുടെ പ്രതി ബദ്ധതയും, നമ്മുടെ നബീകരീം (സ) ന്റെ പ്രതിബദ്ധതയും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. മുഹമ്മദ് മുസ്തഫ (സ) യുടെ താടി പ്രകാശത്തിന്റെ ഉറവിടമായിരുന്നുവെങ്കിൽ അവരുടെ താടി വെറുപ്പിന്റെയും ചതി യുടെയും വഞ്ചനയുടെയും ഉറവിടമായിരുന്നു. എല്ലാവിധ അന്ധകാരങ്ങളുടെയും ഉറവിടമാണിത്. നമ്മുടെ പ്രവാചക പ്രഭു (സ) എല്ലാവിധ മാനുഷിക മൂല്യങ്ങളുടെയും ഉറവിടമായിരുന്നു. മറ്റുള്ളവരെ അദ്ദേഹം സ്നേഹി ച്ചിരുന്നു. തന്റെ മനുഷ്യ സഹോദരങ്ങൾക്കായി തന്റെ കയ്യിലുള്ളതെല്ലാം അദ്ദേഹം ചിലവഴിച്ചിരുന്നു. എന്നാൽ ഈ പണ്ഡിത പുരോഹിതന്മാർ അദ്ദേഹം കാണിച്ചതിന് നേരെ എതിരാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവർ ശത്രുതയും വെറുപ്പും സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നു. അവർ മനുഷ്യരെ ജീവനോടെ ചുട്ടുകൊല്ലുവാനാണ് പ്രേരിപ്പിക്കുന്നത്. എന്നിട്ട് അവർ ചിരിക്കുന്നു. പരിഹസിക്കുന്നു. ഇപ്പോൾ ഞങ്ങൾക്ക് പ്രതികാരം ചെയ്യുവാൻ കഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞ് വീമ്പിളക്കുന്നു. മറ്റുള്ളവരുടെ വസ്തു വകകൾ നശിപ്പിക്കുവാൻ അവർ കല്പനകൾ പുറപ്പെടുവിക്കുന്നു. നിരപരാധികളായ ജനങ്ങളുടെ മുതൽ കൊള്ളയ ടിക്കുവാൻ കല്പിക്കുന്നു. നിരപരാധികളായ സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൊല്ലുന്നു. അവരെ മറ്റ് രീതിയിൽ പീഢിപ്പിക്കുന്നു. സത്യവാനാണെന്ന് വേഷം കെട്ടിയവന്റെയും യഥാർത്ഥ സത്യാവാന്റെയും വ്യത്യാസം ഇങ്ങനെയാണ് തിരിച്ചറിയപ്പെടുന്നത്. യഥാർത്ഥ സത്യവാന്മാരായ ആളുകൾ പ്രവാചകന്മാരാണ്. അല്ലാഹു വിന്റെ പരിശുദ്ധ പ്രവാചകന്മാർ. മത പണ്ഡിതന്മാർ എന്ന് പറഞ്ഞ് പിൽക്കാലങ്ങളിൽ വരുന്നവരുടെ മതവും പ്രവാചകന്മാരുടെ മതവും തമ്മിൽ തികച്ചും വ്യത്യസ്തമാണ്.

മാനുഷിക മൂല്യങ്ങളെപറ്റിയുള്ള പണ്ഡിതസമീപനങ്ങൾ ദൈവത്തൊടുള്ള സമീപനങ്ങൾ, മറ്റെല്ലത്തി നോടുമുള്ള സമീപനങ്ങൾ ബാഹ്യരൂപത്തിൽ അതുതന്നെ ആയിരിക്കും. എന്നാൽ അതിന്റെ സത്ത മുഴുവൻ ചതിയും, വഞ്ചനയും, മാലിന്യവും നിറഞ്ഞതായിരിക്കും. മതത്തിന്റെ അവസാന ഭാഗത്ത് നമുക്ക് കണ്ടെത്തുവാൻ കഴിയുന്ന മതപണ്ഡിതന്മാരുടെ അവസ്ഥ ഇപ്രകാരമായിരിക്കും.

മുഹമ്മദ്മുസ്തഫ (സ) യുടെ സമുദായത്തിലെ വരാൻപോകുന്ന കാര്യങ്ങളെകുറിച്ചുള്ള അവസ്ഥക ളാണ് വിവരിച്ചത്. ഇന്ന് മുസ്ലിം സമുദയത്തിലും അവരുടെ പണ്ഡിതന്മാരിലും നാം കാണുന്ന അവസ്ഥ ഇതാണ്. എന്നാൽ ചിലർ പറയുന്നത് ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും ഒരുവിപ്ലവം ഉടലെടുക്കുമെന്നും തുടർന്ന് എല്ലാ മാലിന്യങ്ങളും സ്വയമേ ശുദ്ധീകരിക്കപ്പെടുമെന്നും വിശുദ്ധഖുർ ആനും തിരു സുന്നത്തുമനു സരിച്ച് ജനങ്ങൾ പ്രവർത്തിക്കുമെന്നും അങ്ങനെ ഒരൊറ്റ സമുദായമായിതീരുമെന്നും അവർ കരുതുന്നു. ഈ

നിർവചനം വിഡ്ഢികളുടെ സ്വർഗ്ഗമല്ലാതെ മറ്റെന്താണ് ? എനിക്കറിയില്ല ഒരേ ഒരു പ്രവർത്യുൻമുഖ പ്രതിഭാസം എന്നത് അല്ലാഹു തന്റെ ദൂതനെ നിയോഗിക്കുന്നു. എല്ലാവരും അദ്ദേഹത്തിനെതിരെ തിരിയുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും മുൻകാലങ്ങളിൽ പരീക്ഷണ വിധേയമാക്കപ്പെട്ടതുപോലെ പരീക്ഷിക്കപ്പെടുന്നു. അങ്ങനെ ആത്മശുദ്ധീകരണത്തിനായി ത്യാഗങ്ങൾക്ക് തയ്യാറാവുന്നു. അങ്ങനെ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു. അവർക്ക് മാർഗ്ഗനിർദേശം ലഭിക്കുന്നു. ജീവിതത്തിന് അവസ്ഥാഭേദം ഉണ്ടാകുന്നു.

ചുറ്റും നില്ക്കുന്ന സമുദായത്തിൽ നിന്നും ഒരു പുതിയ സമുദായം ഉടലെടുക്കുന്നു. ഈ സമുദായം വ്യാപിക്കാൻ തുടങ്ങുന്നു. പാലിൽ തൈര് ഒഴിക്കുമ്പോൾ കട്ടിയാകുന്നതു പോലെ മെല്ലെ ഈ സമുദായം ശക്തി പ്രാപിക്കുന്നു. എനിക്കറിയാവുന്ന ഒരേ ഒരു പ്രതിഭാസം ഇത് മാത്രമാണ്. ആയതിനാൽ ഇമാം മഹ്ദിയും മസീഹും എന്ന ഈ രണ്ട് ആശയങ്ങളും ഈ ആശയവുമായി യോജിക്കുന്നതാണ്. ഈ തത്വചിന്ത വിശുദ്ധ ഖുർ ആൻ പിന്താങ്ങുന്നതുമാണ്.

ഇസ്ലാമിന്റെ ഇന്നത്തെ അവസ്ഥയെ കുറിച്ച് ചിന്തിക്കുവാൻ ലോക മുസ്ലീംകൾക്ക് കഴിയട്ടെ. എന്നിട്ടവർ ഒരു നടപടി എടുക്കട്ടെ അല്ലാഹു തെരഞ്ഞെടുത്ത് അയച്ചവനെ നിഷേധിക്കാതിരിക്കട്ടെ. നിങ്ങളിൽ നിന്നും നിങ്ങളെ അല്ലാഹുവിലേക്ക് നയിക്കുവാൻ നിയോഗിതനായവനാണ്. ഏറ്റവും നല്ല നിലയിൽ നിങ്ങളെ സംസ്കരിക്കുവാൻ വന്ന ആളാണ്. ഈ പരിവർത്തനം നിങ്ങളിൽ നേരിട്ട് പ്രകടമാകുന്നതാണ്. നിങ്ങളുടെ കുടുംബത്തിലും, പരിസ്ഥിതിയിലും, ഇസ്ലാമിലും അങ്ങനെ ലോകം മുഴുവൻ അത് പ്രതിഫലിക്കും. ഇൻശാ അല്ലാഹ്. ആമീൻ.

മുല്ലാക്കളുടെ ഉത്പന്നങ്ങളിൽ നിന്നും അല്ലാഹു നിങ്ങളെ സംരക്ഷിക്കട്ടെ! മുഹമ്മദീ സമുദായത്തിലും കുരങ്ങന്മാരും പന്നികളുമാണവർ ! അല്ലാഹു (ത) യുടെ പ്രേമഭാജനമായ മുഹമ്മദ് മുസ്തഫ (സ) പ്രവചനം ചെയ്തതാണത്. ആമീൻ.


<u>**Traslated & Issued By**</u>

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


***************